(ഡി) ഇപ്പോഴത്തെ ഡയറക്ടറെ പോസ്റ്റ് ഗ്രാഡ്വേറ്റു സെന്ററിന്റെ പ്രൊഫസർ കം പ്രോജക്ട് ആഫീസറായി നിയമിച്ചത് യോഗ്യതയുടെ അടിസ്ഥാനത്തിലാണ്. പ്രസ്തുത പ്രശ്നം സംബന്ധിച്ച് ഒരു കേസ് ഇപ്പോൾ ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുകയാണ്.

പശ്ചിമഘട്ട വികസന പദ്ധതിയിൽ അലോട്ടുചെയ്തിട്ടുള്ള തുക

1126 [2056] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1986–87 സാമ്പത്തിക വർഷത്തിൽ പശ്ചിമഘട്ടവികസനപദ്ധതിയിൽ സംസ്ഥാനത്തിന് അലോട്ട് ചെയ്തിട്ടുള്ള തുക എത്ര;

(ബി) അതിൽ തിരുവനന്തപുരം ജില്ലയ്ക്ക് നീക്കിവച്ചിട്ടുള്ള വിഹിതം എത്രയാണ്;

(സി) പ്രസ്തുത സ്കീമിൽ ഉൾപ്പെടുത്തി നെയ്യാറിൻകര നിയോജകമണ്ഡലത്തിൽ എന്തെങ്കിലും പണി തുടങ്ങിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പശ്ചിമഘട്ടവികസന പദ്ധതിക്കായി സംസ്ഥാനത്തിന് 1986–87 സാമ്പത്തിക വർഷത്തിൽ 509 ലക്ഷം രൂപയാണ് പ്ലാനിംഗ് കമ്മീഷൻ അനുവദിച്ചിട്ടുള്ളത്.

(ബി) തിരുവനന്തപുരം ജില്ലയ്ക്ക് അനുവദിച്ച തുക 23.94 ലക്ഷം രൂപയാണ്. കൂടാതെ നടപ്പാലങ്ങളുടെ നിർമ്മാണത്തിനുള്ള തുക കൂടി ഈ സാമ്പത്തിക വർഷം അനുവദിക്കുവാൻ ഉദ്ദേശിക്കുന്നു.

(സി) രണ്ട് വാട്ടർഷെഡ് പദ്ധതികളും ആരംഭിച്ചിട്ടുണ്ട്.

(ഡി) താഴെപ്പറയുന്ന പദ്ധതികളാണ് നെയ്യാറിൻകര താലൂക്കിൽ നടപ്പാക്കി വരുന്നത്.

1. പുരവിമല വാട്ടർഷെഡിന്റെ സംയോജിത വികസനം.
2. പുലിക്കുഴി വാട്ടർഷെഡിന്റെ സംയോജിത വികസനം.

ഓണാഘോഷം

1127 [2057] ശ്രീ. പി. സീതിഹാജി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം ഓണാഘോഷം നടത്തുന്നതിന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം കേന്ദ്രങ്ങളിലാണ് നടത്തുവാൻ ഉദ്ദേശിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly